**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 379** — **28-06-2011-ൽ മറുപടിയ്ക്ക്**

## സ്കൂൾ വിദ്യാർത്ഥികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കാൻ പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. വി. വിജയദാസ്: | | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) സ്കൂൾ തലം മുതൽ തന്നെ കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) നിലവിൽ എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ? | (എ)<br>&<br>(ബി) | സ്കൂൾതലം മുതൽ കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതി ഈ അദ്ധ്യയനവർഷം മുതൽ കരിക്കുലത്തിന്റെ ഭാഗമാക്കിയിട്ടുണ്ട്.സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതിയുടെ ഭാഗമായ കായിക ക്ഷമതാപരിശോധനയിൽ 100% കുട്ടികളും പങ്കെടുത്തുവെന്ന് ഉറപ്പ് വരുത്തുക, ശരാശരി നിലവാരത്തിലും കുറഞ്ഞ കായികക്ഷമതയുള്ള കുട്ടികൾക്ക് കായിക അദ്ധ്യാപകരുടെ സഹായത്തോടെ ആവശ്യമായ പരിഹാരക്രമങ്ങൾ നൽകുക, |

ഉന്നത കായികക്ഷമതാ നിലവാരം പുലർത്തുന്ന കുട്ടികൾക്ക് പ്രോത്സാഹന സമ്മാനമെന്ന നിലയിൽ വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ച് ഗ്രേസ് മാർക്ക് നൽകുക, +2 തലം വരെയുള്ള കുട്ടികൾക്കും മറ്റ് സിലബസിൽ ഉള്ള കുട്ടികൾക്കും ഈ പരിപാടിയിൽ പങ്കെടുക്കാൻ അവസരമുണ്ടാക്കുക എന്നീ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ആരോഗ്യ-കായിക വിദ്യാഭ്യാസ പദ്ധതി വിജയകരമായി നടപ്പാക്കുന്നതിനുവേണ്ടി എല്ലാ കായിക അദ്ധ്യാപകർക്കും പരിശീലനം നൽകി വരുന്നു.

സെക്ഷൻ ഓഫീസർ.